DESPATCHED
ON 02/06/2020

29/02/2020

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം–695 001
**Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920**
Email: sic.ker@nic.in

ഹർജി നമ്പർ **AP 1259(6)/2016/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.8473/SIC-Gen5/2016**

സന്നിഹിതൻ
ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ. ഡേവിഡ് ജോൺ,
എഫ്–11,
പെന്റാർക്ക് സൗത്ത് പാർക്ക് അപ്പാർട്ട്മെന്റ്സ്,
കണ്ണംകുളങ്ങര, തൃശ്ശൂർ – 680 007.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   അസിസ്റ്റന്റ് സെക്രട്ടറി (അഡ്മിൻ),
   കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ,
   തിരുവനന്തപുരം.

2. അപ്പീൽ അധികാരി &
   സെക്രട്ടറി,
   കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ,
   തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 4.3.2016 |
| മറുപടി ലഭ്യമാക്കിയ തീയതി | 2.4.2016 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 19.4.2016 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 12.5.2016 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 7.7.2016 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 12.7.2016 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 26.7.2016, ~~15.2.2020~~ |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 9-8-2016 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 28.2.2020, കമ്മീഷൻ ആസ്ഥാനം |
| ഹിയറിംഗ് സാന്നിദ്ധ്യം | ഒന്നാം എതിർകക്ഷി ഹാജരായി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. ഡേവിഡ് ജോൺ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ ആവശ്യപ്പെട്ട പൂർണ്ണ വിവരങ്ങൾ എതിർകക്ഷികൾ നൽകിയിട്ടില്ലെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ് :

i. 11.8.2008 തീയതി രസീത് 5823 പ്രകാരം ദ്രോണാചാര്യ ശ്രീ. സണ്ണി തോമസ് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ കേരള സ്റ്റേറ്റ് റൈഫിൾ അസോസിയേഷനുവേണ്ടി രേഖകൾ ഹാജരാക്കിയിട്ടുള്ളതാണെന്നും ആയതിന്റെ അടിസ്ഥാനത്തിൽ എ) വ്യാജ രേഖ സമർപ്പിച്ച് പബ്ലിക് ഫണ്ട് തട്ടിയെടുത്തതിനും വ്യാജ രേഖ സമർപ്പിച്ചതിനും ടിയാനെതിരെ ഏതെങ്കിലും പരാതികൾ പോലീസ് സ്റ്റേഷനുകളിലോ കോടതികളിലോ സമർപ്പിട്ടുണ്ടോ എന്നും

ii. വ്യാജ രേഖ സമർപ്പിച്ചതിനും വ്യാജ രേഖ സമർപ്പിച്ച് ഫണ്ട് തട്ടിയെടുത്തതിനും എതിരെ സ്പോർട്സ് കൗൺസിൽ ഏതെങ്കിലും പരാതി നർകിയിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ് നൽകണമെന്നും

iii. ടിയാനെതിരെ പരാതി ഒന്നും നൽകിയിട്ടില്ലെങ്കിൽ അതിന്റെ കാരണം എന്ത് എന്നും എ) സ്പോർട്സ് കൗൺസിൽ നിയമ നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണം എന്തെന്നും

iv. ശ്രീ.സണ്ണി തോമസ് വ്യാജ രേഖ സമർപ്പിച്ച് സ്പോർട്സ് കൗൺസിലിന്റെയോ സർക്കാരിന്റെയോ ഫണ്ട് സ്വീകരിച്ചിട്ടുണ്ടെങ്കിൽ ഇനി എത്ര നാളുകൾക്കുള്ളിൽ നടപടി സ്വീകരിക്കുമെന്നുമാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ദ്രോണാചാര്യ സണ്ണി തോമസിനെതിരെ കേരള സ്പോർട്സ് കൗൺസിലിൽ നിന്നും പരാതികൾ ഒന്നും നൽകിയിട്ടില്ലെന്നും കേരള റൈഫിൾ അസോസിയേഷനെതിരെ സി.ബി.ഐ അന്വേഷണം നടന്നു വരികയാണെന്നും ശ്രീ. സണ്ണി തോമസ് കേരള സ്പോർട്സ് കൗൺസിൽ സ്റ്റാന്റിംഗ് കമ്മിറ്റി അംഗം അല്ലെന്നുമാണ്. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ മുഴുവനായി നൽകിയിട്ടില്ലെന്നാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിൽ ഉന്നയിച്ച സംശയങ്ങൾ ദൂരീകരിക്കുന്നതിനും വ്യാഖ്യാനങ്ങൾ നൽകുന്നതിനും വിവരാവകാശ നിയമത്തിൽ വ്യവസ്ഥയില്ല എന്നാണ്.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, എതിർകക്ഷി ഓഫീസിൽ ലഭ്യമായ വിവരങ്ങൾ ഹർജിക്കാരന് നൽകിയിട്ടുള്ളതായി കാണുന്നു. ഒന്നാം എതിർകക്ഷി ഹർജിക്കാരന് നൽകിയിട്ടുള്ള വിവരങ്ങളിൽ പൂർണ്ണമല്ലാത്തത് ഏതാണെന്നു ടിയാൻ ചൂണ്ടിക്കാട്ടിയിട്ടുമില്ല. ആയതിനാൽ ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 29-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

bnk